**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 148** **29-09-2025 - ൽ മറുപടിയ്ക്ക്**

**ഗുണമേന്മയുള്ള കന്നുകാലി സമ്പത്ത് വര്‍ദ്ധിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പാല്‍ ഉല്പാദനം മെച്ചപ്പെടുത്തുന്നതിന് ഗുണമേന്മയുള്ള കന്നുകാലി സമ്പത്ത് വര്‍ദ്ധിപ്പിക്കേണ്ടതിന്റെയും കന്നുകാലികളുടെ ആരോഗ്യ സംരക്ഷണത്തിന് പദ്ധതികള്‍ വിഭാവനം ചെയ്യേണ്ടതിന്റെയും ആവശ്യകതയുള്ളതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്; സംസ്ഥാനത്ത് പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുവാനാണ് സംസ്ഥാനസർക്കാർ ലക്ഷ്യമിടുന്നത്. ഇതിനായി സംസ്ഥാനത്തെ ആകെ പാലുൽപ്പാദനം 33.8 ലക്ഷം മെട്രിക് ടണ്ണും ഒരു പശുവിൽ നിന്നും പ്രതിദിന പാലുൽപ്പാദനം 13.5 ലിറ്ററും ആക്കേണ്ടതുണ്ട്. പാലുൽപ്പാദനത്തിൽ സ്വയം പര്യാപ്തത എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് (കെ.എൽ.ഡി.ബി) വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഈ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>കെ.എൽ.ഡി.ബോർഡിന്റെ ബീജോൽപ്പാദന കേന്ദ്രങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന ഉന്നത ഗുണമേന്മയുള്ള ഗാഢശീതീകരിച്ച ബീജമാത്രകൾ സംസ്ഥാനത്തൊട്ടാകെ ബീജാധാനകേന്ദ്രങ്ങൾ വഴി വിതരണം ചെയ്ത് വരുന്നു .<br><br>ഉയർന്ന ജനിതക ശേഷിയുള്ള ഹോൾസ്റ്റീൻ ഫ്രിഷ്യൻ/ ജഴ്സി ഇനത്തിൽപ്പെട്ട വിത്തുകാളകളെ ജർമനി, ഡെൻമാർക്ക് തുടങ്ങിയ രാജ്യങ്ങളിൽ നിന്നും മാട്ടുപ്പെട്ടി ഫാമിലേയ്ക്ക് ഇറക്കുമതി ചെയ്ത് അവയുടെ ബീജമാത്രകൾ സംസ്ഥാനത്തിനകത്ത് വിതരണം ചെയ്തുവരുന്നു.<br><br>ഉയർന്ന ഉൽപാദന ക്ഷമതയുള്ള ജഴ്സി ഹോൾസ്റ്റീൻ ഫ്രിഷ്യൻ ഇനങ്ങളുടെ ഇറക്കുമതി ചെയ്ത ഭ്രൂണം ഉപയോഗിച്ച് വിത്തുകാളകളെ മാട്ടുപ്പെട്ടി ഫാമിൽ ഉൽപാദിപ്പിച്ചിരിക്കുകയാണ്. ഇവയുടെ ബീജവും ഗാഢശീതീകരിച്ച് സംസ്ഥാനത്തിനകത്ത് വിതരണം ചെയ്ത് വരുന്നു. |

വിത്തുകാളകളുടെ ജനിതക മേന്മ തെളിയിക്കുന്നതിനുള്ള സന്തതി പരിശോധനാ പദ്ധതി മുഖേന ഉന്നത ജനിതക മേന്മയുള്ള വിത്തുകാളകളെ ഉൽപ്പാദിപ്പിച്ച് സംസ്ഥാനത്തെ കന്നുകാലി പ്രജനന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നു. കൂടാതെ ഉന്നത ജനിതക മേന്മയുള്ള പ്രീമിയം ബുൾ സെമൻ കേരളമൊട്ടാകെ വിതരണം ചെയ്തു വരുന്നു.

കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി രാഷ്ട്രീയ ഗോകുൽ മിഷൻ പദ്ധതിയുടെ കീഴിൽ റീജിയണൽ ലൈവ്സ്റ്റോക്ക് ഫെർട്ടിലിറ്റി മാനേജ്മെന്റ് സെന്ററുകൾ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ഈ മേഖലാ വന്ധ്യതാ നിവാരണ കേന്ദ്രങ്ങളുടെ പ്രവർത്തനത്തിലൂടെ മികച്ച പശുക്കളുടെ പാലുൽപ്പാദന ക്ഷമതയെ സാരമായി ബാധിക്കുന്ന വന്ധ്യതാ പ്രശ്നങ്ങൾ പരിഹരിക്കുവാനും, ഇതിലൂടെ മികച്ച പശുക്കളുടെ പാലുൽപ്പാദനക്ഷമത പൂർണ്ണമായും ഉപയോഗിക്കുവാനും സാധിക്കുന്നതാണ്.

കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ ഗോകുൽ മിഷന് കീഴിൽ ABIP-SS (Accelerated Breed Improvement Programme Sex Sorted) പദ്ധതിയിലൂടെ ലിംഗനിർണ്ണയം ചെയ്ത ബീജാമാത്രകളുടെ വിതരണം, സംസ്ഥാനത്തൊട്ടാകെ നടപ്പിലാ ക്കുന്നതിലൂടെ മുന്തിയ ഇനത്തിൽപ്പെട്ട പശുക്കുട്ടികൾ കേരളത്തിൽ കൂടുതലായി ഉൽപ്പാദിപ്പിക്കപ്പെടുകയും അവയിലൂടെ പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തത എന്ന ലക്ഷ്യപ്രാപ്തി കൈവരിക്കുവാനും സാധിക്കുന്നതാണ്.

ഭ്രൂണമാറ്റ പ്രക്രിയയിലൂടെ മുന്തിയ ഇനം പശുക്കുട്ടികളെ ഉല്പാദിപ്പിക്കുന്നതിന് വേണ്ടി അത്യാധുനിക സൗകര്യങ്ങളോട് കൂടിയ ഭ്രൂണമാറ്റ ലബോറട്ടറികൾ റീജിയണൽ ലൈവ്സ്റ്റോക്ക് ഫെർട്ടിലിറ്റി മാനേജ്മെന്റ് സെന്ററുകളിൽ ഒരുക്കിയിട്ടുണ്ട്. ഭ്രൂണമാറ്റത്തിനും, IVF സാങ്കേതിക വിദ്യയ്ക്കും മൊബൈൽ സേവനവും ഈ കേന്ദ്രങ്ങൾ മുഖേന നൽകുന്നതാണ്. ആവശ്യമുള്ള ക്ഷീരകർഷകർക്ക് ന്യായമായ നിരക്ക് ഈടാക്കി അവരുടെ കിടാരികളിൽ ഭ്രൂണമാറ്റ സാങ്കേതിക സൗകര്യം അവരുടെ വീട്ടുപടിക്കൽ ചെയ്യുന്നതാണ്.

കൂടാതെ ക്ഷീര വികസന വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് പാൽ ഉല്പാദനം മെച്ചപ്പെടുത്തുന്നതിനും ഗുണമേന്മയുള്ള കന്നുകാലി സമ്പത്ത് വർദ്ധിപ്പിക്കുന്നതിനുമായി ചുവടെപ്പറയുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

| | | | |
|---|---|---|---|
| | | | മിൽക്ക് ഷെഡ് വികസന പദ്ധതി, ഉരുക്കളെ വാങ്ങുന്ന പദ്ധതികൾ, ഫാമുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ, ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ്, വയനാട് പാക്കേജ്, ഗ്രാമ പഞ്ചായത്തുകളെ ക്ഷീര സ്വയംപര്യാപ്തമാക്കുന്നതിനുള്ള ക്ഷീരഗ്രാമം പദ്ധതി.<br><br>കൂടാതെ 1 പശു യൂണിറ്റ് മുതൽ 20 പശു യൂണിറ്റ് വരെ തുടങ്ങുന്നതിന് വ്യക്തികൾ/ ഗ്രൂപ്പുകൾക്ക് ധനസഹായം നൽകുന്നു.<br><br>സംസ്ഥാനത്തിനു പുറത്തു നിന്നും സങ്കര വർഗ്ഗം പശുക്കളെ വാങ്ങുന്നതിലൂടെ പ്രതിവർഷം 3000 ത്തോളം ഉരുക്കളെ പുതുതായി എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. കന്നുകാലി സമ്പത്ത് കുറയാതെ നിലനിർത്തുന്നതിനും പാൽ ഉൽപാദനക്ഷമത 10.79 ലിറ്റർ ആയി ഉയർത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്.<br><br>3594 രജിസ്റ്റേഡ് ക്ഷീരസംഘങ്ങൾ വഴി ഗുണമേന്മയുള്ള പാൽ സംഭരിക്കുന്നതിന് സംഘങ്ങളെ ശാക്തീകരിക്കുന്നതിന് ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം, ഇൻവെസ്റ്റ്മെന്റ് ഇൻ ഡി.സി.എസ് പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഗുണമേന്മാ നിയന്ത്രണം, ഭക്ഷ്യ സുരക്ഷ ഉറപ്പാക്കൽ എന്നിവയ്ക്കായി 3 സ്ഥിരം ചെക്ക് പോസ്റ്റുകൾ, സ്റ്റേറ്റ് ഡയറി ലാബ്, 3 റീജിയണൽ ലാബുകൾ, 14 ജില്ലാ ഗുണനിയന്ത്രണ ലാബുകൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്.<br><br>ക്ഷീരസംഘങ്ങൾ വഴി സബ്സിഡി നിരക്കിൽ പച്ചപ്പുൽ, വൈക്കോൽ, സൈലേജ് വിതരണം, ധാതുലവണമിശ്രിത വിതരണം എന്നിവ നടപ്പിലാക്കി വരുന്നു. 8 മാസം മുതൽ ഗർഭാവസ്ഥയിലുള്ള പശുക്കൾക്ക് ആരോഗ്യ സംരക്ഷണത്തിനായി സ്പെഷ്യൽ കെയർ പാക്കേജ് നടപ്പിലാക്കി വരുന്നു. |
| (ബി) | വർദ്ധിത ഗുണമേന്മയുള്ള കന്നുകാലികളെ സൃഷ്ടിക്കാൻ പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്; ഉയർന്ന ജനിതക ശേഷിയുള്ള അഞ്ച് (5) ഹോൾസ്റ്റീൻ ഫ്രിഷ്യൻ വിത്തുകാളകളെ ജർമനിയിൽ നിന്നും, നാല് (4) ജഴ്സി വിത്തുകാളകളെ ഡെൻമാർക്കിൽ നിന്നും മാട്ടുപ്പെട്ടി ഫാമിലേയ്ക്ക് ഇറക്കുമതി ചെയ്ത് അവയുടെ ബീജമാത്രകൾ സംസ്ഥാനത്തൊട്ടാകെ വിതരണം ചെയ്തുവരുന്നു. കന്നുകാലി പ്രജനന നയം നിഷ്കർഷിക്കുന്ന രീതിയിൽ ജനിതക മേന്മയുള്ള വിത്തുകാളകളെ കേന്ദ്ര കൃഷി മന്ത്രാലയം അംഗീകരിച്ചിട്ടുള്ള സംസ്ഥാനത്തിനു പുറത്തുള്ള ഏജൻസികളിൽ നിന്നും വാങ്ങി അവയുടെ ബീജം ഗാഢ ശീതീകരിച്ച് സംസ്ഥാനത്തിനകത്ത് വിതരണം ചെയ്തു വരുന്നു. ഉയർന്ന ഉൽപാദന |

| | | | |
|---|---|---|---|
| | | | **ക്ഷമതയുള്ള ജഴ്സി ഹോൾസ്റ്റീൻ ഫ്രീഷ്യൻ ഇനങ്ങളുടെ ഇറക്കുമതി ചെയ്ത ഭ്രൂണം ഉപയോഗിച്ച് വിത്തുകാളകളെ മാട്ടുപ്പെട്ടി ഫാമിൽ ഉൽപാദിപ്പിച്ചിരിക്കുകയാണ്. ഇവയുടെ ബീജവും ഗാഢശീതീകരിച്ച് സംസ്ഥാനത്തിനകത്ത് വിതരണം ചെയ്ത് വരുന്നു.**<br><br>**വിത്തുകാളകളുടെ ജനിതക മേന്മ തെളിയിക്കുന്നതിനുള്ള സന്തതി പരിശോധനാ പദ്ധതി സംസ്ഥാനത്തെ വടക്കൻ ജില്ലകളായ കോഴിക്കോട്,വയനാട് കണ്ണൂർ ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുകയും ഇവിടെ നിന്നും ഉന്നത ജനിതക മേന്മയുള്ള വിത്തുകാളകളെ ഉൽപ്പാദിപ്പിച്ച് സംസ്ഥാനത്തെ കന്നുകാലി പ്രജനന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുകയും ചെയ്യുന്നു. കൂടാതെ ഉന്നത ജനിതക മേന്മയുള്ള പ്രീമിയം ബുൾ സെമൻ കേരളമൊട്ടാകെ വിതരണം ചെയ്തു വരുന്നു. കൂടാതെ രാഷ്ട്രീയ ഗോകുൽ മിഷന് കീഴിൽ ABIP-SS സ്കീമിൽ സെക്സ് സോർട്ടഡ് സെമൻ ഉപയോഗിച്ചുള്ള കൃത്രിമ ബീജാധാനപദ്ധതി സംസ്ഥാനമൊട്ടാകെ നടപ്പിലാക്കി വരുന്നു.** |
| (സി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി സെക്സ് സോർട്ടഡ് സെമൻ ഉപയോഗിച്ചുള്ള കൃത്രിമ ബീജദാന പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | **ഉണ്ട്; രാഷ്ട്രീയ ഗോകുൽ മിഷന് കീഴിൽ ABIP-SS സ്കീമിൽ സെക്സ് സോർട്ടഡ് സെമൻ ഉപയോഗിച്ചുള്ള കൃത്രിമ ബീജാധാനപദ്ധതി സംസ്ഥാനത്ത് 2023 ആഗസ്റ്റ് മുതൽ നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തൊട്ടാകെ മൃഗസംരക്ഷണ വകുപ്പ് തിരഞ്ഞെടുത്ത ബീജാധാന കേന്ദ്രങ്ങളിലൂടെയും, APCOS ബീജാധാന കേന്ദ്രങ്ങളിലൂടെയും, സ്വകാര്യ ബീജാധാന കേന്ദ്രങ്ങളിലൂടെയും പദ്ധതി നടപ്പിലാക്കി വരുന്നു. ജേഴ്സി, ഹോൾസ്റ്റീൻ ഫ്രീഷ്യൻ, സങ്കരയിനം ജേഴ്സി, സങ്കരയിനം ഹോൾസ്റ്റീൻ ഫ്രീഷ്യൻ ഇനത്തിൽപെട്ട ലിംഗനിർണയം നടത്തിയ ബീജമാത്രകളാണ് വിതരണം ചെയ്ത് വരുന്നത്. കേരളാ ലൈവ്സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡും, മൃഗസംരക്ഷണ വകുപ്പും, മിൽമയും സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. സെക്സ് സോർട്ടഡ് സെമൻ ഉപയോഗിച്ചുള്ള കൃത്രിമ ബീജാധാനം ചെയ്യുമ്പോൾ 90 ശതമാനവും പശുക്കുട്ടികളെ ലഭിക്കുന്നു. ഇതിലൂടെ മുന്തിയ ഇനത്തിൽപെട്ട പശുക്കുട്ടികൾ കേരളത്തിൽ കൂടുതലായി ഉൽപ്പാദിപ്പിക്കപ്പെടുകയും അവയിലൂടെ പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തത എന്ന നമ്മുടെ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് ഏറെ സഹായകരമാകുകയും ചെയ്യുന്നു.** |
| (ഡി) | സംസ്ഥാനത്ത് കന്നുകാലി വംശാവലി വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ | (ഡി) | **ഉണ്ട്; കെ.എൽ.ഡി ബോർഡിന്റെ കീഴിൽ തിരുവനന്തപുരത്ത് കുടപ്പനക്കുന്നിൽ ജീനോമിക്** |

| | | | |
|---|---|---|---|
| | കന്നുകാലികളെ തിരഞ്ഞെടുത്ത് ജനിതക മികവ് കണ്ടെത്തി പാലുല്പാദനം വര്‍ദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ജീനോമിക് ലാബ് സജ്ജമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | | **ലാബ് സജ്ജമാക്കിയിട്ടുണ്ട്.**<br><br>**വര്‍ദ്ധിച്ചുവരുന്ന പാലിന്റെ ആഭ്യന്തര ഉപയോഗം കണക്കിലെടുത്ത് പശുക്കളുടെ ഉല്‍പ്പാദനക്ഷമത കൂട്ടുന്നതിനായി പരമ്പരാഗത സന്തതി പരിശോധനാ രീതികള്‍ക്ക് പുറമെ DNA പരിശോധനകൂടി സംയോജിപ്പിക്കേണ്ടതുണ്ട്. ജീനോമിക് ലാബില്‍ കന്നുകാലികളുടെ ജനിതക ഘടന കണ്ടുപിടിക്കുകയും, പാലുല്‍പ്പാദന വിവരങ്ങളുമായി താരതമ്യം ചെയ്ത്, പാലുല്‍പ്പാദനവും ജനിതകഘടനയും തമ്മിലുള്ള ബന്ധം സ്ഥാപിച്ചെടുക്കുന്നു. ഇത്തരത്തില്‍ മോശമായ ജനിതകഘടനയുള്ള കാളക്കുട്ടികളെ പ്രജനനത്തില്‍ നിന്നും ഒഴിവാക്കാന്‍ സാധിക്കുന്നു. ജീനോമിക് ലാബില്‍ കന്നുകാലികളുടെ ജനിതക രോഗങ്ങള്‍ നിര്‍ണ്ണയിക്കുവാനുള്ള സൗകര്യമുണ്ട്. ഇതിലൂടെ ജനിതക രോഗ വാഹകരായ വിത്തുകാളകളെ പ്രജനനത്തില്‍ നിന്നും ഒഴിവാക്കാന്‍ സാധിക്കുന്നു.** |

സെക്ഷന്‍ ഓഫീസര്‍